സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് സർവ്വീസിൽ 21 ഡോക്ടർമാരും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 108 ഡോക്ടർമാരുമുണ്ട്.

(സി) എല്ലാ മെഡിക്കൽ കോളേജാശുപത്രികളിലും പെയിൻ ക്ലിനിക്കുകൾ നിലവിലുണ്ട്. വേദനയ്ക്ക് ചികിത്സ നൽകുന്ന യൂണിറ്റുകളില്ലാത്ത ജില്ലാ ആശുപത്രികളിൽ ആയത് ആരംഭിക്കുവാൻ ഘട്ടം ഘട്ടമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഗ്രാമീണ വ്യവസായ മേഖലയിലെ പദ്ധതികൾ

*8 [938] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ:
ഡോ. തോമസ് ഐസക്:
ശ്രീ. സാജു പോൾ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഗ്രാമീണ വ്യവസായ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഖാദി വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പദ്ധതികൾ എന്തെങ്കിലും തയ്യാറാക്കി കേന്ദ്ര ഖാദി കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) തൊഴിലവസരം സൃഷ്ടിക്കുന്നതിനായി മാർജിൻമണി പദ്ധതി പ്രകാരം ഉള്ള ഏതെല്ലാം പ്രോജക്ടുകളാണ് സമർപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിപ്രകാരം 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ മൊത്തം എന്തു തുക മാർജിൻമണിയായും മാർജിൻ ഗ്രാന്റുമായി എത്ര സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്നു പറയാമോ;

(ഇ) ഖാദി ബോർഡ് നൽകിയിട്ടുള്ള വായ്പ പത്തു ലക്ഷത്തിനുമേൽ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഖാദി ബോർഡ് ഗ്രാമീണ വ്യവസായ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഖാദി കമ്മീഷന്റെ മാർജിൻമണി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ ബോർഡ് നേരിട്ട് ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഖാദി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിന് ഖാദി കമ്മീഷന് താഴെപ്പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്:

(1) ഖാദി നൂൽ ഉപയോഗിച്ച് സാറ്റിൻ തുണിത്തരങ്ങളുടെ നിർമ്മാണത്തിന് 6,39,000 രൂപയുടെ പ്രോജക്ട്,

(2) ഖാദി തുണിത്തരങ്ങൾക്ക് സ്റ്റിഫ്നെസ്സ് ഉണ്ടാക്കുന്നതിന് 3 ലക്ഷം രൂപ വീതമുള്ള രണ്ടു പ്രോജക്ടുകൾ,

(3) കുപ്പടം നെയ്ത്ത് ലഘൂകരണത്തിന് 11,10,000 രൂപയുടെ പ്രോജക്ട്,

(4) പോളിസ്റ്റർ ഫൈബർ ഉപയോഗിച്ച് സാറ്റിൻ തുണിത്തരങ്ങൾ നിർമ്മിക്കുന്നതിന് 6,39,000 രൂപയുടെ പ്രോജക്ട്,

(5) കുപ്പടം നെയ്ത്തിനുള്ള കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന് 52,60,000 രൂപയുടെ പ്രോജക്ട്.

(സി) മാർജിൻമണി പദ്ധതിപ്രകാരം ഖാദി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഗ്രാമവ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 25 ലക്ഷം രൂപ വരെയുള്ള പ്രോജക്ട് ആണ് സമർപ്പിക്കുന്നത്. ഖാദി ഗ്രാമവ്യവസായ കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതും, നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്തതുമായ ഗ്രാമവ്യവസായങ്ങൾക്കാണ് മാർജിൻമണി പദ്ധതിയനുസരിച്ച് സഹായം നൽകുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യവസായങ്ങൾ, കൃഷി അധിഷ്ഠിത വ്യവസായങ്ങൾ, മയക്കുമരുന്ന്, മദ്യം, ലഹരി പദാർത്ഥങ്ങൾ, മാംസം, മത്സ്യം എന്നിവ അടിസ്ഥാനപ്പെടുത്തിയ വ്യവസായങ്ങൾ നെഗറ്റീവ് ലിസ്റ്റിൽപ്പെടുന്നു. കയറും കയറധിഷ്ഠിത വ്യവസായങ്ങളും നെഗറ്റീവ് ലിസ്റ്റിൽ നിന്നും അടുത്തകാലത്ത് മാറ്റിയിട്ടുണ്ട്.

(ഡി) 2001-02, 2002-03 എന്നീ വർഷങ്ങളിൽ ആകെ 1083.52 ലക്ഷം രൂപ 826 യൂണിറ്റുകൾക്കായി മാർജിൻമണി ഗ്രാന്റായി ബോർഡ് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

പ്ലാച്ചിമടയിലെ കൊക്കൊക്കോള കമ്പനിയുടെ മാലിന്യങ്ങളെക്കുറിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനം

*9 [939] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിലെ കൊക്കൊക്കോള കമ്പനിയിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങളെക്കുറിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കൊക്കൊക്കോള കമ്പനിയുടെ മലിനീകരണം നിയന്ത്രിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് എന്തൊക്കെ നിർദ്ദേശങ്ങളും ഉത്തരവുകളും നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; അവ ലഭ്യമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly